'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ ജോൺ പി.ടി.യുടെ മകനും ആശ്രിതനുമായ ശ്രീ. കെയിൻസ് പി. ജോണിന് കോട്ടയം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(കൈ) നം.41/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/02/2020

പരാമർശം:- 1 സ.ഉ. (പി) നം. 12/99/പി&എ ആർ.ഡി തീയതി. 24.5.1999.

2 സ.ഉ.(കൈ) നം.5/2018/ഉഭപവ തീയതി 21.02.2018.

3 ശ്രീ. കെയിൻസ് പി. ജോൺ സമർപ്പിച്ച 08.09.2017-ലെ അപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 26.09.2018-ലെ ഇ14-22851/2018 നമ്പർ കത്ത്.

5 കോട്ടയം ജില്ലാ കളക്ടറുടെ 16.01.2020-ലെ DCKTM/5972/2019/SSI നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ജോൺ പി.ടി.യുടെ മകനും ആശ്രിതനുമായ ശ്രീ. കെയിൻസ് പി.ജോൺ, സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ നിയമപരമായ അനന്തരാവകാശികൾക്കായുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ 22.03.2017-ലാണ് ജോൺ പി.ടി. നിര്യാതനാവുന്നത്. സേവന സാക്ഷ്യപത്രം പ്രകാരം ജോൺ പി.ടി. 18 വർഷവും 04 മാസവും 20 ദിവസവും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 20.07.1998 ആണ്. നിലവിൽ അപേക്ഷകന് 21 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ പ്ലസ് 2 പാസ്സായതാണ്. ശ്രീ. കെയിൻസ് പി. ജോൺ, കോട്ടയം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകൻ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വൈക്കം തഹസിൽദാരുടെ

അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം ഭാര്യ, മൂന്ന് മക്കൾ (അപേക്ഷകൻ ഉൾപ്പടെ) എന്നിവർ ഉൾപ്പെടുന്ന നാല് അനന്തരാവകാശികളാണ് പരേതനുള്ളത്. പരേതന്റെ മറ്റു അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്ന് കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനായ ശ്രീ. കെയിൻസ് പി. ജോണിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതമാണെന്ന് പരേതന്റെ മറ്റ് അനന്തരാവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. ടിയാൻ ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 3,60,360/- രൂപയാണെന്ന് വൈക്കം വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ശ്രീ. കെയിൻസ് പി. ജോൺ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടറും, കോട്ടയം ജില്ലാ കളക്ടറും ശുപാർശ ചെയ്തിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ജോൺ പി.ടി. യുടെ മകനും ആശ്രിതനുമായ ശ്രീ. കെയിൻസ് പി. ജോണിന് കോട്ടയം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ, ആദ്യം ഉണ്ടാകുന്നതോ ആയ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി പ്രകാരം നിയമനം നൽകുന്നതിന് പഞ്ചായത്ത് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരേതനായ ജോൺ പി.ടി.യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അപേക്ഷകനെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

5. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ, തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ശ്രീ. കെയിൻസ് പി. ജോണിന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. കെയിൻസ് പി. ജോൺ, കാട്ടിപ്പറമ്പിൽ ഹൗസ്, തെക്കേനട, വൈക്കം പോസ്റ്റ്, കോട്ടയം-686 141 (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷയും അനുബന്ധങ്ങളും

സഹിതം)

3. ജില്ലാ കളക്ടർ, കോട്ടയം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ